ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ബീച്ച് ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയായി വരുന്നു. കൂടുതൽ പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് നടപടിയെടുത്തു വരുന്നു. കൂടാതെ ബീച്ച് ഏരിയായിൽ പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള Skyline builders, Sulabb എന്നീ സ്വകാര്യ സംരഭകരുമായി ചർച്ചകൾ നടന്നു വരുന്നു.

വഖഫ് ബോർഡ് അഴിമതി

212 (1970) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

(ബി) അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വഖഫ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇക്കാര്യം ബോർഡ് പരിശോധിച്ചു വരുന്നു.

(ബി) അന്യാധീനപ്പെട്ട വഖഫ് ഭൂമി തിരിച്ച് പിടിക്കുന്നതിന് 1996-ലെ വഖഫ് ആക്ട് 52, 54, 1996-ലെ കേരള വഖഫ് റൂൾ 96, 96 (C) എന്നിവ പ്രകാരം ബോർഡിൽ നിന്നും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

വഖഫ് ബോർഡ് ജീവനക്കാർക്ക് പെൻഷൻ

213 (1971) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വഖഫ് ബോർഡ് ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാര്യത്തിൽ അനുകൂല തീരുമാനമെടുക്കാനുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2003-ലെ വഖഫ് ബോർഡ് റഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിലുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ വഖഫ് ബോർഡിൽ നിന്നും ലഭിച്ചിട്ടില്ല. 2003-ലെ വഖഫ് റഗുലേഷൻ ഭേദഗതി ചെയ്യുമ്പോൾ വഖഫ് ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി അടക്കമുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കാൻ സാധിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പദ്ധതികൾ

214 (1972) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടലോരമേഖലയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പുറംകടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യ തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ അവരെ രക്ഷിക്കുന്നതിനായി കേന്ദ്ര സുരക്ഷാ ഏജൻസികളുടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ സംസ്ഥാനാതിർത്തിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശമാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. കടൽ രക്ഷാ പ്രവർത്തനത്തിനായി ഒരു പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ 60 പേർ അടങ്ങുന്ന മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

2. കേരളത്തിൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിനായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly